പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1314

02-05-2017- ൽ മറുപടിയ്ക്ക്

**ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്.ശർമ്മ<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. വി. അബ്ദുറഹിമാൻ | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ച് നടപ്പിലാക്കുന്നതിനായി നിയോഗിച്ച പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട് |
| (ബി) | പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ പ്രത്യേകമായി കണ്ടെത്തി അവ പരിഹരിച്ച് ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളെ പൊതു സമൂഹത്തിന്റെ ജീവിത നിലവാരത്തിൽ എത്തിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ? | (സി) | ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധതരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

ബി) പരിശോധിച്ചിട്ടുണ്ട്.

06-05-2008-ലെ സ.ഉ.(കൈ) 148/08/പൊ.ഭ.വ നമ്പർ ഉത്തരവായി സർക്കാർ അംഗീകരിച്ച പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതും സത്വര ഭരണ നടപടിക്കായും നിർദ്ദേശിച്ചതുമായ താഴെപ്പറയുന്ന വിഷയങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചു.

2) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചു, ജില്ലാതലത്തിൽ കളക്ടറേറ്റുകളിൽ ഒരു എൽ.ഡി. ക്ലർക്ക് മാത്രമുള്ള ന്യൂപക്ഷ സെക്ഷൻ പ്രവർത്തിച്ചുവരുന്നു.

3) മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തി. ഇതിലേയ്ക്ക് കോർപ്പസ് ഫണ്ടായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധി അംഗങ്ങൾക്ക് മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നു.

4) ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് സൗജന്യമായി പരിശീലനം നൽകുന്നതിന് 14 ജില്ലകളിലായി 16 സൗജന്യ പരിശീലനകേന്ദ്രങ്ങളും കൂടാതെ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ സർക്കാരിതര സന്നദ്ധ സംരംഭങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗജന്യമായി സൗകര്യം ഒരുക്കിയിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേക ഉപാധികളോടെ 20 ഉപകേന്ദ്രങ്ങളും ആരംഭിച്ചു.

5) മുസ്ലീം പെൺകുട്ടികൾക്കായി സി.എച്ച് മുഹമ്മദ്കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി നടപ്പിലാക്കിവരുന്നു. ബിരുദതലത്തിൽ 5000/- രൂപ വീതവും ബിരുദാനന്തര ബിരുദത്തിന് 6000/- രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് 7000/- രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റായി പ്രതിവർഷം 13000/- രൂപയും നൽകിവരുന്നു. ഇതിൽ 20% ലത്തീൻ ക്രിസ്ത്യൻ/പരിവർത്തിത ക്രൈസ്തവർ എന്നിവർക്ക് അനുവദിക്കുന്നുണ്ട്.

6) ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വിവിധ വകുപ്പുകൾ ചെയ്തുവരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി തീരുമാനിച്ചു.

7) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിൽ നടപ്പാക്കുന്ന MSDP പദ്ധതിക്ക് 12-ാം പഞ്ചവത്സര പദ്ധതിയിൽ ബ്ലോക്ക്/ടൗൺ/വില്ലേജ് ക്ലസ്റ്റർ അടിസ്ഥാനത്തിൽ MSDP പദ്ധതി നടപ്പിലാക്കിയതിൽ കേരളത്തിൽ നിന്നും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കല്പറ്റ എന്നീ ബ്ലോക്കുകളും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണുമാണ് MSDP പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നത്.

റിപ്പോർട്ടിലെ മറ്റു ശുപാർശകളിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ